# മുസ്ല്യാക്കളേ തെളിവാണ് വേണ്ടത്

നബിദിനം എന്ന പുത്തനാചാരത്തിനു ഇന്ന്വരെ ഒരൊറ്റ തെളിവ് പോലും കണ്ടെത്താൻ സമസ്തക്കാർക്ക് കഴിഞ്ഞിട്ടില്ല. മാത്രമല്ല ഈ വിഷയം നെറ്റിൽ ചർച്ച തുടങ്ങി അര പതിറ്റാണ്ട് പിന്നിട്ടു. അന്ന് ഹുസൈൻ ബാഖവി എന്ന ജിദ്ദയിലെ ഒരു മുസ്ല്യാരുമായി സംവാദം നടന്നപ്പോൾ 2005ൽ അദ്ദേഹം രക്ഷപ്പെട്ട വഴി ഇങ്ങിനെ:

> നബിദിനത്തിൻെറ വിധിയെന്താണ്? അതൊരു ഇബാദത്ത് അല്ല എന്ന് ഇപ്പോൾ പറയാനുളള കാരണം ഒന്ന് വിശദീകരിക്കുക.
>
> ഉ. നബിദിനത്തിൻെറ ചർച്ച തന്നെ ഞാൻ ചെയ്തിട്ടില്ല. ഞാൻ ഇന്നേ വരേക്കും പറഞ്ഞത് മുസഫർ രാജാവ് തുടങ്ങിയ ജനങ്ങളെ വിളിച്ചുകൂട്ടി ആഘോഷിക്കുന്ന രൂപത്തെ കുറിച്ചാണ്

നബിദിനത്തിൻെറ വിധി ചോദിച്ചപ്പോൾ ബാഖവി തന്ന മറുപടിയാണ് മുകളിൽ കാണുന്നത്. എന്നാൽ ഇദ്ദേഹം സംവദിച്ചത് നബിദിനത്തിനെ കുറിച്ച് തന്നെയാണെന്നതിന് നിരവധി തെളിവുകൾ ഹാജരാക്കിയിട്ടും പിന്നീട് അയാൾ ഈ വിഷയം തൊടുക പോലും ചെയ്തില്ല. ഇപ്പോൾ അബ്ദുൽ ബാസിത്ത് പിലാക്കൽ എന്ന അപരനാമത്തിലാണ് ഇദ്ദേഹം നെറ്റിൽ അറിയപ്പെടുന്നത്. അയാൾക്കും, അയാളുടെ പിൻഗാമികളായ അൻവരി–അഹ്സനിമാർക്കും ഈ വിഷയത്തിൽ ഒരു തെളിവ് കൊണ്ട്വരാൻ ഇന്ന് വരെ കഴിഞ്ഞിട്ടില്ല.

നബിദിനം വിഷയത്തിൽ ഈ മുസ്ല്യാക്കൻമാരുടെ ദുർവ്യാഖ്യാനം വളരെ അപകടകരമാണ്. പരിശുദ്ധ ഖുർആനിനെ പോലും ചോദ്യം ചെയ്യുന്ന രീതിയിലാണ് ഇവരുടെ നിലപാട്. അത് കാണുക:

> "നബി(സ)യെ പ്രസവിച്ച രാത്രി ലൈലത്തുൽഖദ്റിനേക്കാൾ ശ്രേഷ്ടതയുണ്ട്" (കർമ്മശാസ്ത്രസരണി, സുന്നി പബ്ലിക്കേഷൻ സെൻറർ, ചെമ്മാട്, പുസ്തകം 2, പേജ് 140)

ഇനി മറ്റൊരു വാചകം കാണുക:

> "നബിദിനം മുസ്ലിംകൾക്ക് ആഘോഷമാണ്, പെരുന്നാളിനേക്കാൾ വലിയ ആഘോഷം. സർവ്വലോകത്തിൻെറയും വിമോചകനായി നബി പിറന്ന നാളിൽ വിശ്വാസികൾ സന്തോഷിക്കുകയും, ആഘോഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ പിന്നെ അവർക്ക് മറ്റ് ഏത് ആഘോഷമാണുള്ളത്" (!!!) –(രിസാല– നബിദിനപതിപ്പ് 1987)

ഇനി അപകടകരമായ മറ്റൊരു വാചകം കൂടി കാണുക. ഇവരുടെ ഹുബ്ബുന്നബി(?) മൂത്ത് ഭ്രാന്തായ നമ്മുടെ കഥാപാത്രമായ ബാഖവി എഴുതിയ വാചകം ഇങ്ങിനെ:

> 'അല്ലാഹുവിനെയും ഒടുവു ദിവസത്തെയും കാത്തിരിക്കുന്ന നിങ്ങൾക്ക് അല്ലാഹുവിൻെറ ദൂതരിൽ ഉത്തമ മാതൃകയുണ്ട്' എന്ന് മുഹമ്മദ് നബി(സ)യെ ഉദ്ദേശിച്ചുകൊണ്ട് വിശുദ്ധഖുർആനിൽ പ്രസ്താവിച്ചിരിക്കുന്നത് കാണാം. അദൃശ്യനും അരൂപിയുമായ അല്ലാഹുവെ പ്രതീക്ഷിച്ച് ഭൂമിയിൽ കഴിയുന്ന മനുഷ്യർക്ക് ആ അല്ലാഹുവിൻെറ ഗുണങ്ങളുടെ മനുഷ്യാകൃതിയായ മുഹമ്മദ് നബി(സ)യെ കണ്ടെത്തുകയാണ് മാർഗമെന്നത്രേ ഈ വാക്യം പഠിപ്പിക്കുന്നത്.

ഇതൊക്കെയാണ് ഈ പുരോഹിത വർഗ്ഗത്തിൻെറ പ്രവാചക സ്നേഹം. സർവ്വലോക നിയന്താവായ പടച്ചതമ്പുരാൻെറ ഗുണങ്ങളുടെ മനുഷ്യാകൃതിയാണത്രെ മുഹമ്മദ് നബി.!!! (പടച്ചവൻ നമ്മെ കാത്തുരക്ഷിക്കട്ടെ, ആമീൻ) ഇവരാണത്രെ സുന്നികൾ. പ്രവാചകൻെറ പേരിൽ കള്ളകഥബറുകൾ ഉണ്ടാക്കി അതും വിറ്റ് കാശ് വാരി പ്രവാചകനെ അവഹേളിച്ചക്കുന്ന ഇവരുടെ തനിനിറം ജനങ്ങളുടെ മുമ്പിൽ അനാവരണം ചെയ്യുക എന്നത് ഓരോ മുസ്ലിമിൻെറയും ബാധ്യതയായി മാറിയിരിക്കയാണ്. അത് നാം നിർവഹിച്ചേ തീരൂ.

സമസ്തക്കാരുടെ നബിദിനം എന്നത് ഒരു പുത്തനാചാരമാണ്. പ്രവാചകൻെറ നുബുവ്വത്തിനു ശേഷം 23 വർഷക്കാലം പ്രവാചകൻ ഇങ്ങിനെയൊരു കർമ്മം ചെയ്തതായി ലോകത്തൊരു മനുഷ്യനും പറയാൻ കഴിയില്ല. പ്രവാചകൻെറ ഓരോ ചലനങ്ങളും ജീവിതത്തിൽ പകർത്തിയ സ്വഹാബികൾക്ക് ഇങ്ങിനെയൊരു കർമ്മം തന്നെ പരിചയമില്ല. റബിഉൽഅവ്വൽ മാസത്തിനോ, അതിലൊരൊറ്റ ദിവസത്തിനോ മാത്രം പ്രത്യേകതയുള്ളതായി പ്രവാചകൻ ഒരിടത്തും പഠിപ്പിച്ചിട്ടില്ല. പ്രവാചകൻെറ മരണത്തിനും അരനൂറ്റാണ്ടോളം കഴിഞ്ഞാണ് പ്രവാചകൻെറ ഭാര്യമാർ മരണപ്പെടുന്നത്. പിന്നെയും പതിറ്റാണ്ടുകൾ കഴിഞ്ഞാണ് അവസാന സ്വഹാബിയും മരണപ്പെടുന്നത്. അവർക്കാർക്കും ഇങ്ങിനെ ഒരു

പ്രവാചകസ്നേഹത്തെ കുറിച്ചറിയില്ലായിരുന്നു. പിന്നെയും ജീവിച്ച ഉത്തമ നൂറ്റാണ്ടിൻെറ അവകാശികൾക്കും ഈ സുന്നത്ത് അറിഞ്ഞില്ല. ഇതൊക്കെ കൊണ്ടായിരിക്കാം, ഇമാം ഫാക്കിഹാനി പറഞ്ഞത്, തീറ്റക്കൊതിയൻമാരായ ചിലരുണ്ടാക്കിയ ഒരു ആചാരമാണിതെന്ന്.

ഈയടുത്ത ദിവസം വന്ന മെയിലിൽ നമ്മുടെ കഥാപാത്രമായ ഹുസൈൻ ബാഖവി എന്ന ബാസിത്തിൻെറ വാചകം കാണുക:

> **പരിശുദ്ധ റബീഉൽ അവ്വൽ സമാഗതമാകുന്നതോടെ ജൂത ഏജൻസികളായ വഹാബികൾക്ക് വയറിളക്കം തുടങ്ങി. അതിൻെറ ഏററവും പുതിയ ഉദാഹരണമാണ് 'മുനീറ് അകത്തു വളപ്പിൽ" ഫോർവേഡ് ചെയ്ത....**

പരിശുദ്ധ ക്വുർആൻ ഒരു ലജ്ജയുമില്ലാതെ ദുർവ്യാഖ്യാനം ചെയ്ത് ചരിത്രം സൃഷ്ടിക്കുന്ന അഹ്സനികളിൽ പെട്ട ഒരു മുസ്ല്യാരുടെ വാചകം കൂടി കാണുക:

> **നബിദിനം എന്ന് കേൽക്കുമ്പോഴേക്ക് മുജാഹിദുകൾക്ക് തലകറക്കം വന്ന് അവർ പരക്കം പായുന്നു. കാരണം അവർ ഇബ്‌ലീസിന്റെ കൂട്ടാളികളാണല്ലോ!**

നെറ്റിലുള്ള സർവ്വ മുസ്ല്യാക്കളോടും പറയാനുന്നത്, ഞങ്ങൾക്ക് വേണ്ടത് നിങ്ങളുടെ ഇത്തരം തെറി പ്രകടനങ്ങളല്ല, തെളിവാണ്. അത് തന്നെ കാല കീലകളുമല്ല. ദീനിലെ പ്രാമാണികമായ തെളിവ് വേണം. അതുണ്ടോ മുസ്ല്യാക്കളേ നിങ്ങളുടെ പക്കൽ? മുൻകാലങ്ങളിൽ നബിദിനത്തിനായി നിങ്ങളോതിയ സൂറ യൂനുസിലെ ആയത്തുകളൊക്കെ എവിടെ പോയി ഇപ്പോൾ? അതൊക്കെ പിൻവലിച്ചോ നിങ്ങൾ? പ്രബുദ്ധരായ മുജാഹിദുകളുടെ മുമ്പിൽ അതൊന്നും വിലപ്പോകുന്നില്ല അല്ലേ? പതിറ്റാണ്ടുകളോളം പാവങ്ങളെ കൊണ്ട് നീട്ടിപാടിച്ച് പകിടിയും വാങ്ങി, നല്ല ശാപാടുമടിച്ച് കൊണ്ടുനടന്ന നിങ്ങളുടെ മൗലൂദുകളുടെയും, സബീനകളുടെയും സ്ഥിതി എന്താണിപ്പോൾ? അഞ്ചെണ്ണമൊഴിച്ച് ബാക്കി ലക്ഷക്കണക്കിന് (അലവി സഖാഫിയുടെ വാദപ്രകാരം) മൗലൂദുകൾ വല്ലപ്പുഴയിൽ ഒഴിക്കിയില്ലേ നിങ്ങൾ? കേരളത്തിലെ കഴിഞ്ഞുപോയ ഉമ്മാമമാരെ നിങ്ങൾ വഴി പിഴപ്പിച്ചില്ലേ? വല്ലപ്പുഴ സംവാദവ്യവസ്ഥയിൽ മധ്യസ്ഥരുടെ ചോദ്യത്തിൻെറ മുമ്പിൽ സഖാഫി-അഹ്സനിമാർ മുഴുവൻ പകച്ച്നിന്നില്ലേ? ഇതൊക്കെ മറന്നുകൊണ്ടാണോ നിങ്ങൾ മുജാഹിദുകളെ തെറി പറയുന്നത്? നിർത്തിക്കോ മുസ്ല്യാക്കളേ ഈ പണി, അല്ലെങ്കിൽ മുജാഹിദുകളുടെ മുമ്പിൽ നിങ്ങൾ ഇനിയും അടിയറവ് പറയും എന്നു മാത്രമല്ല, പരിശുദ്ധ ക്വുർആനും, തിരുസുന്നത്തും ദുർവ്യാഖ്യാനം ചെയ്ത് ഒരു സമുദായത്തെ മുഴുവൻ വഴിപിഴപ്പിച്ചതിന് ജഗന്നിയന്താവായ പടച്ച റബ്ബിൻെറ മുമ്പിൽ നിങ്ങൾ പാപ്പരാകേണ്ടിവരും.

നബിദിനം വിഷയത്തിൽ ഒരു സംവാദത്തിനു നിങ്ങൾ തയ്യാറാണോ? ഇൻറർനെറ്റിൽ അതിനവസരം ഞങ്ങളൊരുക്കിയിട്ടുണ്ട്. വിഷയം നബിദിനം എന്നതാണ്. അല്ലാതെ മദ്ഹ്, മൗലൂദ്, ഹുബ്ബുന്നബി എന്നൊക്കെ പറഞ്ഞ് വിഷയത്തിൽ തന്നെ തിരിമറി നടത്തി രക്ഷപ്പെടാൻ നോക്കേണ്ട. **http://beyluxe.com/messenger/index.html?drgn=1** വഴി **Malayalam Islamic Class Room** സന്ദർശിക്കുക.

ക്ലാസ്റൂമിൽ പ്രവേശിക്കാനുള്ള കൂടുതൽ വിവരങ്ങൾ ഇതിൻെറ കൂടെയുള്ള അറ്റാച്ച്മെൻറും കാണുക

പ്രവാചകൻെറ സുന്നത്ത് പിൻപറ്റുകയും, ബിദ്അത്തുകൾ വർജജിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ പടച്ചവൻ നമ്മെ ഉൾപെടുത്തട്ടെ, ആമീൻ

**sadiktp@gmail.com**